LIBRARY ARCHIVES Kerala Legislative Assembly

സേഫ് ടു ഈറ്റ് പദ്ധതി പ്രകാരമുള്ള പരിശോധന

72 (8132) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും ചേർന്ന് സേഫ് ടു ഈറ്റ് പദ്ധതി പ്രകാരം നടത്തിയ പരിശോധനയിൽ 17 ഇനം പച്ചക്കറികളിൽ അപകടകരമായ തോതിൽ വിഷാംശം ഉള്ളതായി കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നത്തിൽ ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് തുടർപരിശോധന നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ തുടർ പരിശോധനയ്ക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിപണിയിൽ ലഭ്യമായ എല്ലാ ഭക്ഷ്യോൽപ്പന്നങ്ങളുടെയും പച്ചക്കറികളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പരിശോധന നടത്താറുണ്ട്. കർശന പരിശോധന തുടരുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

പാക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന

73 (8133) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളിൽ കൂടിയ അളവിൽ കീടനാശിനികൾ കലർന്നിട്ടുള്ളതായി ലാബ് പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ബ്രാന്റഡും അല്ലാത്തതുമായ ഇത്തരം ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും സുരക്ഷിതത്വവും ഉല്പാദനകേന്ദ്രങ്ങളിൽവച്ചുതന്നെ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ & ബി) കണ്ടെത്തിയിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഉൽപ്പാദന കേന്ദ്രങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

ഭക്ഷ്യസുരക്ഷാപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ

74 (T 8134). ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് നിയോഗിച്ചിട്ടുള്ള ആകെ ഉദ്യോഗസ്ഥർ എത്രയെന്നും ഏതെല്ലാം തസ്തികകളിലെന്നും വ്യക്തമാക്കുമോ ;

(ബി) മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം പര്യാപ്തമാണോ ; ഇല്ലെങ്കിൽ തസ്തികകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(സി) എഫ്.എസ്.ഒ. തസ്തികയില്ലുള്ളവരുടെ അധികാരപരിധിയിൽ എത്ര പഞ്ചായത്തുകൾ/നിയോജകമണ്ഡലം ഉൾപ്പെടുന്നുവെന്നും ചുമതലകളെന്തെന്നും വിശദീകരിക്കുമോ ;

(ഡി) ആരോഗ്യവകുപ്പിലെ സയൻസ് ബിരുദധാരികളായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ എഫ്.എസ്.ഒ. മാരായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly